**കേരള സർക്കാർ**

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
# 2018-2019
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.11 )1685/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 15.11.2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി11)1685/2019. തീയതി : 15/11/2019

**<u>എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദായങ്ങൾ, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.07.2018 മുതൽ 15.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 17.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. കവിതാദേവി വി,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ്.എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |
| | ശ്രീ.പ്രസാദ്.പി.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |
| | ശ്രീ.ടിനു.കെ.ജെ , ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.ദിലീപ് കപ്രശ്ശേരി | 01.04.2018 മുതൽ 31.03..2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.എസ്.പ്രകാശൻ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ ആന്റണി റോഷൻ (അഡീ .ചാർജ്) | 01.06.2018 മുതൽ 24.06.2018 വരെ |
| | ശ്രീമതി ഷീലകുമാരി പി.വി | 25.06.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ ആന്റണി റോഷൻ | 01.04.2018 മുതൽ 25.06.2018 വരെ |
| | ശ്രീമതി ശാന്തി എൽ | 25.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുധാകുമാരി ജെ എസ് | 01.04.2018 മുതൽ 02.11.2018 വരെ |
| | ശ്രീമതി മേരി ശിൽപ.കെ.തോമസ് | 03.11.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രസീദ് സി പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി മനീഷ ടി എ | 01.04.2018 മുതൽ 21.07.2018 വരെ |
| | ശ്രീമതി സിൽവി.കെ.ഡി | 22.07.2018 മുതൽ 15.01.2019 വരെ |
| | ശ്രീമതി സൂസൻ പോൾ | 16.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ദേശം) | ശ്രീമതി റീന എം ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെങ്ങമനാട്) | ശ്രീ കുട്ടൻ ആർ എം | 01.04.2018 മുതൽ 15.07.2018 വരെ |
| | ശ്രീ മനോജ് കുമാർ.എം | 16.07.2018 മുതൽ 03.08.2018 വരെ |
| | ശ്രീമതി റീന എം ആർ | 04.08.2018 മുതൽ 12.09.2018 വരെ |
| | ശ്രീ ഹർഷാദ് വി.കെ | 13.09.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി മിനിമോൾ രാജൻ | 01.04.2018 മുതൽ 25.06.2018വരെ |
| | ശ്രീമതി പി.എ.റംലത്ത് | 25.06.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സജീവ് കുമാർ പി ആർ | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി എച്ച് സി) | ഡോ. എലിസബത്ത് . പി.ടി | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുനിതാകുമാരി കെ കെ | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ ജി ലത | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മിനിമോൾ [illegible] | 01.04.2018 മുതൽ [illegible] |

| | | |
|---|---|---|
| | പി വി | 30.06.2018 വരെ |
| | ശ്രീമതി നബില.എം.ബി | 01.07.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം – 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | കെട്ടിട നികുതി അടവാക്കുന്നില്ല | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | ലൈസൻസ് ഫീ അപാകതകൾ | 1-15 |
| 16 | പെർമിറ്റ് അനുവദിച്ചതിലെ അപാകത | 1-16 |
| 17 | സെന്റേജ് ചാർജിനത്തിൽ തുക അധികം നൽകി | 1-17 |
| 18 | തുല്യതാ പഠനം | 1-18 |
| 19 | സ്ട്രീററ് ലൈൻ വലിക്കൽ -ജി.സ്.ടി.അടവാക്കി | 1-19 |
| 20 | ആദായനികുതി ഈടാക്കിയിട്ടില്ല | 1-20 |
| 21 | മരുന്ന് മുഴുവനും ലഭിച്ചില്ല | 1-21 |
| 22 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി-പദ്ധതി അപാകതകൾ | 1-22 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ചെലവുതുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണം | 1-23 |
| 24 | കാർഷിക യന്ത്രവൽക്കരണം- പദ്ധതി അപാകതകൾ | 1-24 |

| | | |
|---|---|---|
| 25 | കട്ടവിരിച്ചതിൽ അപാകത | 1-25 |
| 26 | സ്ട്രീററ് ലൈററുകൾ വാങ്ങൽ- അപാകതകൾ | 1-26 |
| 27 | വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയില്ല. | 1-27 |
| 28 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കണം | 1-28 |
| 29 | ഓഡിറ്റ് ഇംപാക്റ്റ് | 1-29 |
| 30 | പദ്ധതികൾ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് അവലോകനം | 1-30 |
| | <u>ഭാഗം – 2</u> | ഇല്ല |
| | <u>ഭാഗം – 3</u> | ഇല്ല |
| | ഭാഗം – 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

## 1-1 ബജറ്റ്

27.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29.1.2019 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 11.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

# സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.06.2019 & 11.6.2019 | KSA-EKM (PG)1227(40)/2019 dt. 02.08.19 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,36,56,501 |
| വരവ് | 1,05,708,202 |
| ആകെ | 11,93,64,703 |
| ചെലവ് | 8,32,37,369 |
| നീക്കിയിരിപ്പ് | 3,61,27,334 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) \

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,52,49,634 | 1,52,49,634 | 1,48,51,961 | 0 | 397673 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 54,87,000 | 54,87,000 | 33,04,921 | 0 | 21,82,079 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 60,000 | 60,000 | 0 | | 60,000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,41,28,000 | 1,41,28,000 | 1,25,02,702 | 0 | 16,25,298 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 36,85,000 | 36,85,000 | 35,73,193 | 0 | 1,11,807 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 89,74,693 | 89,74,693 | 70,56,976 | | 19,17,717 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 0 | 0 | 0 | | 0 |
| എസ് ബി ടി സീറോബാലൻസ്-ജലനിധി | 1037931 | 36808 | 10,74,739 | 0 | 10,74,739 | |
| ലിറ്ററസി എസ്.ബി.ടി. | 12,119 | 1,03,425 | 1,15,544 | 1,02,714 | 12830 | |
| ദുരിതാശ്വാസം എസ്.ബി.ടി. | 23061 | 4,942 | 28,003 | 20000 | 8,003 | |
| എം.എൻ ആർ.ഇ. ജി.എസ്. | 1183 | 401,663 | 4,02,846 | 400934 | 1912 | |

| | | | | | | |
|---|---|---|---|---|---|---|
| സി.സി.സി . ഹെൽത്ത് ഇൻഷ്വറൻസ് | 500 | -- | 500 | 500 | 0 | |
| ലൈഫ് -മിഷൻ (Donation) | 4,14,971 | 9133588 | 9548559 | 8140649 | 1407910 | |
| ടോട്ടൽ സാനിട്ടേഷൻ | 120574 | 4,276 | 1,24,850 | -- | 1,24,850 | |
| ജനകീയ ഭവനം | 0 | 0 | 0 | 0 | 0 | |
| ട്രഷറി ടി.എസ്.ബി | 16,34,771 | 3,24,92,893 | 3,41,27,664 | 19270347 | 14857317 | |
| ജോയിന്റ് വെഞ്ചർ ട്രഷറി ടി.എസ്.ബി. | 75,000 | 77,18,050 | 7793050 | 22,71,220 | 55,21,830 | |
| തനത് ഫണ്ട് | 98,66,018 | 1,58,87,053 | 2,57,53,071 | 1,31,77,907 | 1,25,75,164 | |
| ബി. ഫണ്ട് | 0 | 208560 | 208560 | 198360 | 0 | 10200 |
| കറന്റ് അക്കൌണ്ട്-ഇ പേമെന്റ് | 303903 | 8,07,726 | 11,11,629 | 7,38,572 | 3,73,057 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 181 | 12,77,23,483 | 134 | 6,45,15,297 | 34 | 13 | 74% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1183 | *435663 | 4,36,846 | *434934 | 1912 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 12089739 | 12089739 | 12089739 | 0 |
| ആകെ | 1183 | 12525402 | 12526585 | 1,25,24,673 | 1912 |

*സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് വിഹിതം ഉൾപ്പെടെ(34X1000)=34000

# 1-8 ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48,360 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 55,27,000 | 454 |
| വിധവകളുടെ പെൺമക്കളുടെ | 1,50,000 | 5 |

| | | |
|---|---|---|
| വിവാഹധനസഹായം | | |
| വിധവാപെൻഷൻ | 1,37,03,100 | 1123 |
| വാർദ്ധക്യകാല പെൻഷൻ | 2,28,49,800 | 310 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 39,12,600 | 310 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 523600 | 44 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2019 ന് സ്ഥാപന തലവന്റെ/(സെക്രട്ടറി ഗ്രാമപഞ്ചായത്ത്) ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20514/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ തീർപ്പാക്കാൻ കഴിയാത്ത പൊതുജനപരാതികൾ പരിഹരിക്കുന്നതിനായി, താലൂക്ക് ലീഗൽ എയ്ഡ് സൊസൈറ്റിയുടെ സഹായത്തോടെ പ്രതിമാസ ലീഗൽ എയ്ഡ് ക്ലിനിക്ക് സംഘടിപ്പിച്ചുവെങ്കിലും പ്രവർത്തനങ്ങൾ കുറവാണ്. പ്രതിമാസ പ്രവർത്തനാവലോകനത്തിനായി ജീവനക്കാരുടെയും, നിർവ്വഹണോദ്യോഗസ്ഥരുടെയും മീറ്റിംഗ്, സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ് എന്നിവ വിളിച്ചുചേർക്കുന്നതിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പൗരസർവ്വേയിലെ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും അനുസരിച്ച് മാറ്റങ്ങൾ വരുത്താൻ പഞ്ചായത്ത് തയ്യാറായിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കുറ്റമറ്റ ഫയലിംഗ് സംവിധാനവും നിലവിലുണ്ട്. എന്നാൽ സത്വര ശ്രദ്ധ പതിയേണ്ട പല മേഖലകൾക്കും ആയതു ലഭിയ്ക്കുന്നില്ല.

1.സെക്യൂരിററി ഡെപ്പൊസിററുകൾ ഫയലിൽ സൂക്ഷിക്കുന്നതിനു പകരം ഡിമാന്റ് ഡ്രാഫ്ററായി ലഭിക്കുന്നവ ട്രഷറി വഴി നിക്ഷേപിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.
2.പഞ്ചായത്തിൽ ദിവസവേതന ജീവനക്കാർക്ക് സർക്കാർ ശുപാർശയിലും കുറഞ്ഞ നിരക്ക് അനുവദിക്കുന്നതായി കാണുന്നു. സർക്കാർ ശുപാർശചെയ്തിട്ടുള്ള നിരക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3.കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സർക്കാർ പോർട്ടൽ സംവിധാനം ഉപയുക്തമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

4.കയ്യെഴുത്ത് രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഉദ:33924,10490,10479,33916,33914,33919,33420,10488.കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.ക്യാൻസൽ ചെയ്ത രസീതുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദ:96/10477, 20/10490.രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ അവ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.2019 | 08/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 മുതൽ 06.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയതൊഴികെ മറ്റ് അപാകതകൾ ഇല്ല.

# 1-13 കെട്ടിട നികുതി അടവാക്കുന്നില്ല

എ)ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത കെട്ടിടങ്ങളിൽ നിന്നും 2018-19 വർഷം കെട്ടിട നികുതി ഈടാക്കിയതായി കാണുന്നില്ല.ഇവരിൽ നിന്നും കെട്ടിട നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗ ക്രമം | ഈടാക്കേണ്ട കെട്ടിട നികുതി |
|---|---|---|---|
| 1 | II/464 | മൊബൈൽ ടവർ | 11000 |
| 3 | VI/446 | ഓഡിറ്റോറിയം | 5328 |
| 4 | XV/253 | പാർപ്പിടം | 2178 |
| ആകെ | | | 18506 |

ബി) 05.09.18 ൽ നടന്ന ചെങ്ങമനാട് പഞ്ചായത്ത് കമ്മിറ്റിയുടെ യോഗത്തിൽ 18-ാം നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു.ഇതുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ - എ3-5591/18 പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പുതുവാശ്ശേരി ക്ഷീര സഹകരണ സംഘം | I,II |
| 2 | ചെങ്ങമനാട് ക്ഷീര സഹകരണ സംഘം | I,II |
| 3 | ദേശം കുന്നുംപുറം ക്ഷീര സഹകരണ | I,II |

| | | |
|---|---|---|
| | സംഘം | |
| 4 | പുറയാർ ക്ഷീര സഹകരണ സംഘം | I,II |
| 5 | കപ്രശ്ശേരി ക്ഷീര സഹകരണ സംഘം | I,II |

ബി)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പുതുവാശ്ശേരി ക്ഷീര സഹകരണ സംഘം | I,II |
| 2 | ചെങ്ങമനാട് ക്ഷീര സഹകരണ സംഘം | I,II |
| 3 | ദേശം കുന്നംപുറം ക്ഷീര സഹകരണ സംഘം | I,II |
| 4 | പുറയാർ ക്ഷീര സഹകരണ സംഘം | I,II |
| 5 | കപ്രശ്ശേരി ക്ഷീര സഹകരണ സംഘം | I,II |
| 6 | അൽ മദീന ഓഡിറ്റോറിയം | I,II |
| 7 | ബി.എസ്.എൻ.എൽ ചെങ്ങമനാട് | I,II |

ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സി) കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെ.204(1)iiഎ,i പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്.ചെങ്ങമനാട് പഞ്ചായത്ത് പരിധിയിൽ 2018-19 വർഷം വിവിധ വേലകൾ ചെയ്ത താഴെ ചേർത്ത ഗവ. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഓ.എം.നാസ്സർ,ഓലിക്കര |
| 2 | സനിൽകുമാർ.എ.ജി,അമ്പാടത്ത് |
| 3 | എം.കെ.അബ്ദുൾസലാം,മടത്തോത്ത് |
| 4 | കെ.യു.രാജീവ്,നന്ദനം |
| 5 | അബ്ദുൾഖാദർ.പി.എം,പുത്തൻപുര |
| 6 | വി.എ അലിയാർ,വെട്ടിമറ്റം |
| 7 | കെ.ഐ.ഇട്ടീര,കോയ്ക്കൽ |
| 8 | കെ.ഡി.ദേവസ്സിക്കുട്ടി,കിഴക്കേടത്ത് |
| 9 | കെ.എം.ജോസഫ്,കൂരാൻ |
| 10 | എ.എം.ഷാനവാസ്,അലമന |
| 11 | വി.ഓ,ജോസ്,വിതയത്തിൽ |
| 12 | വിൽസൻ തോമസ്,പാനികുളങ്ങര |
| 13 | മാർട്ടിൻ ചാക്കോ,പാറപ്പിള്ളി |
| 14 | ക്ലിന്റോ.എം.എ,മൂഞ്ഞോലി |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-15 ലൈസൻസ് ഫീ അപാകതകൾ

എ) 2018-19 വർഷം താഴെ ചേർത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഡി&ഒ ലൈസൻസ് ഫീസ് അടച്ച് ലൈസൻസ് എടുത്തതായി കാണുന്നില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | സ്ഥാപന വിവരം | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | VI(കെട്ടിട നം. രേഖപ്പെടുത്തിയിട്ടില്ല.) | ജോർജ്ജ്.വി.മാഞ്ഞാലി,എം സാന്റ്,മെറ്റൽ വില്പന,ബ്ലാക്ക് ഡയമണ്ട് റോക്ക് പ്രൊഡക്ട്സ്) | 500 |
| 2 | XV/331 | കെ.എം.ഷൈജു,ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്,യൂണിവേഴ്സൽ ഓട്ടോ മൊബൈൽസ് | 500 |
| 3 | I/9 | നൂറുദ്ദീൻ,മാനേജിംഗ് പാർട്ണർ മെറ്റലെക്സ് ,പി.വി.സി പ്രൊഫൈൽസും പ്ലാസ്റ്റിക് വസ്തുക്കളും വില്പന, | 500 |
| 4 | VI/317 | സ്റ്റീഫൻ.കെ.ജോർജ്ജ്,ഡി.പി.എക്യുപ്മെന്റ്സ്, ടയർ റീ സോളിംഗ് നടത്തുന്നതിന്. | 1000 |
| 5 | IV/229 | കെ.എ.ഇസ്മായിൽ,ഏഷ്യൻ ഫ്ലവർ&ഓയിൽ മിൽ,ഏഷ്യൻ ഫുഡ്സ് | 1000 |
| 6 | XV/47D | വിഷ്ണു രാമചന്ദ്രൻ,ബാഗുകൾ, വീട്ടുപകരണങ്ങൾ, ഓഫീസ് ഐറ്റംസ് കയറ്റുമതി,ഇറക്കുമതി ചെയ്യുന്നതിന് | 500 |
| 7 | I/126C,D | കാസിം കുഞ്ഞുമുഹമ്മദ്, സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 1000 |
| ആകെ | | | 5000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തെ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നുവെങ്കിലും 2018-19 വർഷം ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (12 തീയതി 30.09.2019 ) മറുപടിയിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയെന്നു പറയുന്നു. സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയെന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ മറ്റു രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം പരിശോധിച്ച് പ്രവർത്തനം നിർത്തിയെന്ന് ഉറപ്പ് വരുത്തുകയോ അല്ലാത്ത പക്ഷം ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ബി)ട്രേഡേഴ്സ് ലിസ്റ്റ് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ലൈസൻസ് രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യ പ്രകാരം ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതിയത് മൂലം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നികുതി അടവാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കേണ്ടതും, കാലാകാലം പുതുക്കേണ്ടതും ആയത് പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്.

# 1-16 പെർമിറ്റ് അനുവദിച്ചതിലെ അപാകത

| പെർമിറ്റിന് അപേക്ഷിച്ച സ്ഥാപനത്തിന്റെ പേര് | മാനേജിംഗ് ഡയറക്ടർ,ഇ.വി.എം ഓട്ടോ ക്രാഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് |
|---|---|
| സർവേ നമ്പർ | 255/2,3,3-2 |
| ആകെ സ്ഥല വിസ്തീർണം | 36.50ആർ |

ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് 7 ൽ ഉൾപ്പെടുന്ന 255/3-2,255/2,255/3 റീസർവേ നമ്പറിൽ ഉൾപ്പെടുന്ന 36.50 ആർ വിസ്തീർണ്ണം സ്ഥലത്തിൽ ഇ.വി.എം ഓട്ടോ ക്രാഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 3 നിലകളിലായി 6060.53 എം2 കൊമേഷ്സ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് 2018-19 വർഷം പെർമിറ്റിന് അപേക്ഷിക്കുകയും 04.05.2019 തീയതിയിൽ രസീത് നമ്പർ 119010500001 പ്രകാരം 30303/-രൂപ പെർമിറ്റ് ഫീസ് ഒടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ അപേക്ഷ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പെർമിറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ ആധാരങ്ങൾ,മുന്നാധാരങ്ങൾ കരം അടച്ച രസീത് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2)അപേക്ഷയോടൊപ്പം ഹാജരാക്കിയ വില്പന കരാർ പ്രകാരം മെസ്സേഴ്സ് ഇ.വി.എം ഓട്ടോ ക്രാഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മേൽ സ്ഥലം ശ്രീ.തോമസ് മാത്യൂ, ഭാര്യ ഗ്രേസി തോമസ്, മകൻ ടോനോ തോമസ് എന്നിവരിൽ നിന്നും വാങ്ങിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡേറ്റാ ബാങ്ക് പ്രകാരം ഈ സ്ഥലത്തിനോട് ചേർന്ന് സർക്കാർ തോട് നിലവിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് .സർക്കാർ തോട് സംരക്ഷിച്ചുകൊണ്ടാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല . ആവശ്യ രേഖകൾ ലഭ്യമാക്കാത്തതിനാൽ സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചില്ല.മേൽ സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് ലഭ്യമാക്കുന്ന അപേക്ഷകളിൽ കൃത്യമായ വിവരം ചേർക്കുന്നതായി കാണുന്നില്ല.അപേക്ഷകൾ പൂർണ്ണമായ വിവരങ്ങളോട് കൂടി സമർപ്പിക്കുന്നതിനും ആയത് പരിശോധിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-17 സെന്റേജ് ചാർജിനത്തിൽ തുക അധികം നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം. | S0185/19 |
| ചെലവ് | 16/20.7.2018 = 100000/- |
| അടങ്കൽ | 1,70,000/- |

പഞ്ചായത്തിലെ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ- ലഭ്യമാക്കുന്നതിനാണ് പ്രൊജക്റ്റ് വിഭാവനം ചെയ്യുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 1,70,000/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 1,70,000/-- രൂപയാണ് അടങ്കൽ തുക. വാട്ടർ അതോറിറ്റിയുടെ ജനറൽ അബ്സ്ട്രാക്റ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---:|
| വർക്കിംഗ് ചാർജസ് | 108404 |
| മെററീരിയലുകൾ | 33800 |
| സെന്റേജ് ചാർജസ് @12.5% | 18276 |
| Lump sum | 5519 |
| മററു ചിലവുകൾ | 4000 |
| ആകെ | 170000 |

പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2)സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനോ പഞ്ചായത്തിന്റെ മറ്റു പ്രവൃത്തികളിൽ ക്രമീകരിച്ചു കിട്ടുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-18 തുല്യതാ പഠനം

| പ്രോജക്റ്റ് നം, പേര് | 89/18-19 -പത്താം തരം തുല്യതാ പഠനം,<br>91/18-19- ഹയർ സെക്കൻഡറി തുല്യതാ പഠനം |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,ഗവ.ജെ.ബി.എസ്, ദേശം |
| ചെലവഴിച്ച തുക | 2,86,950/- (ചെക്ക് നം 1728654/26.02.19) |

പത്താം തരം തുല്യതാ പരീക്ഷയ്ക്കും ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയ്ക്കും പഞ്ചായത്തിൽ നിന്നും രജിസ്റ്റർ ചെയ്തവർക്ക് ഫീസ് അടവാക്കുന്നതിനുള്ള പദ്ധതിയാണിത്.
പറമ്പയം, നെടുവന്നൂർ തുടർ വിദ്യകേന്ദ്രങ്ങളിൽ നിന്നും പത്താംതരം തുല്യതാ പരീക്ഷയ്ക്ക് ആകെ രജിസ്റ്റർ ചെയ്ത 47 പേർക്ക് 1850/-രൂപ വീതം 86,950/-രൂപയും, ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർക്കായി താഴെ പറയും പ്രകാരം 226850/-രൂപയും ഫീസടക്കുവാൻ എറണാകുളം ജില്ലാ സാക്ഷരതാ മിഷൻ DLM/A1/2122/19 നം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| ഇനം | വിദ്യാർത്ഥികളുടെ എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| കോഴ്സ് ഫീ -പ്ലസ് വൺ | 65 | 2500 | 162500 |
| കോഴ്സ് ഫീ-പ്ലസ് ടു | 33 | 1950 | 64350 |
| ആകെ | | | 226850 |

എന്നാൽ ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർക്കായി 2,26,850/- രൂപ അടവാക്കേണ്ടിടത്ത് 2,00,000/-രൂപ മാത്രമേ മേൽ പ്രകാരം അടവാക്കിയിട്ടുള്ളൂ.

ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത എല്ലാവരുടേയും ഫീസ് അടക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ടും, രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെന്നതിനുള്ള തെളിവു രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 01/17.09.2019). പ്രോജക്റ്റ് നം 91/18-19- ഹയർ സെക്കൻഡറി തുല്യതാ പഠനത്തിന് വകയിരുത്തിയ തുക 2,00,000/-രൂപ മാത്രമായതിനാലാണ് മുഴുവൻ തുകയും അടവാക്കാതിരുന്നതെന്നും, 2019 നവംബറിലാണ് പരീക്ഷകൾ നടക്കുന്നതെന്നും, ഹാൾടിക്കറ്റുകളുടെ പകർപ്പ് കിട്ടുന്ന മുറക്ക് ഹാജരാക്കാമെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കളുടെ കൃത്യമായ കണക്കെടുത്ത്, അതനുസരിച്ചുള്ള ഫണ്ട് വകയിരുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്തവരെല്ലാം പരീക്ഷയെഴുതുന്നുണ്ടെന്ന് സാക്ഷരതാ പ്രേരക് മാർ ഉറപ്പു വരുത്തേണ്ടതാണ്.

# 1-19 സ്ട്രീററ് ലൈൻ വലിക്കൽ -ജി.സ്.ടി.അടവാക്കി

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിനടപ്പാക്കിയ സ്ട്രീററ് ലൈൻ വലിക്കൽ എന്ന പദ്ധതിയിൽ(125/19,154/19) കെ.എസ്.ഇ.ബി.യിലേക്ക് പണം അടവാക്കിയപ്പൊൾ ജി.സ്.ടി. അടക്കം 343080/-+160235/-രൂപ അടവാക്കിയിട്ടുണ്ട്

ബിൽ നം.20/17.11.18-343080/-
ബിൽനം.8/16.7.18-160235/-

ചരക്ക സേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം എസ്.ആർഒ നം.37/17ലെ ക്രമ നമ്പർ 3 പ്രകാരം പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിരിക്കുന്ന സേവനങ്ങളെ നികുതി മുക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ നികുതിയിനത്തിൽ അടവാക്കിയ തുക 103123 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 ആദായനികുതി ഈടാക്കിയിട്ടില്ല

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വിവിധ കേസുകൾ നടത്തിയ വക്കീലായ ശ്രീ.വേണുഗോപാലിനു 32000/- രൂപ ഫീസ് നല്കിയിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്നും ആദായനികുതി വകുപ്പ് നിയമം സെക്ഷൻ 194 (TDS ഈടാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| വൌച്ചർ നം/തീയതി | തുക |
|---|---|
| 2180052/18.04.18 | 7000 |
| 21800178/28.05.18 | 12000 |
| 21800354/16.07.18 | 6000 |
| 21800626/27.09.18 | 4000 |
| 21800113/16.01.19 | 3000 |
| ആകെ | 32000 |

ടിയാനിൽനിന്നും 10% ആദായനികുതി ഈടാക്കേണ്ടതാണ്

# 1-21 മരുന്ന് മുഴുവനും ലഭിച്ചില്ല

എ) ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം (നം 40/18-19)മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് 6,00,000/-രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിരിക്കുകയാണ്. എന്നാൽ മുൻകൂർ നൽകിയ തുകക്കുള്ള മുഴുവൻ മരുന്നും ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല.

| തുക നൽകിയതിന്റെ വിശദാംശങ്ങൾ | | | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കുവാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | തുക | | |
| S.050/18-19 ആയുർവേദാസ്പത്രിയിലേക്ക് മരുന്ന് വാങ്ങൽ | 01/16.01.2019 | 3,50,000 | 5,79,845 | 20,155 |
| | 2380620/02.11.18- | 2,50,000 | | |
| | ആകെ | 6,00,000 | | |

ലഭിക്കുവാൻ ബാക്കിയുള്ള 20,155/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

ബി) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ (നം 41/18-19) ഹോംകോ, ആലപ്പുഴക്ക് ബിൽ നം.1 തീ. 6/2/2019 പ്രകാരം 60,000/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിരിക്കുകയാണ്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭ്യമായിട്ടില്ല.

60,000/-രൂപയുടെ മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

# 1-22 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി-പദ്ധതി അപാകതകൾ

എ)പാലിയേറ്റീവ് കെയർ പ്രോജക്ക്റ്റ്

പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി (നം 62/18-19) 2018-19 വർഷം ആകെ 949520/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവുരേഖകളിൽ ബിൽ നം 08/18-19 തീയതി 11.12.18 പ്രകാരം ചെലവഴിച്ച 510766/-രൂപയിൽ 4,54,167/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. പ്രൊഫോർമ്മ ഇൻവോയ്സ് നം 3012/05.12.18 പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുവാനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി (നം 8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കുന്നതുവരെ 4,54,167/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ

വാർഡുതലശുചീകരണ പ്രവർത്തനങ്ങൾക്കായി 1,80,000/- രൂപ ചെക്ക് നം 51800354/07.07.2018 സി.എച്ച്.സി ക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ ചെലവുതുകയായ 1,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ചെലവുതുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 78/18-19, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 11,25,000/- (വികസന ഫണ്ട് ജനറൽ 218750/-, സംസ്ഥാനാവിഷ്കൃത ഫണ്ട്-218750/-, മറ്റുള്ളവ 437500/-) |
| ചെലവ് | 150000/- |
| ബിൽ നമ്പർ | 06/18-19 തീയതി 05.03.2019-1,00,000/-<br>08/18-19 തീയതി 12.03.2019-50,000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 150000/- രൂപ ആലുവയിലുള്ള പ്രോജക്റ്റ് ഓഫീസർക്ക്, കൈമാറിയിട്ടുണ്ട്. 62 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് 2018-19 പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 24 പേർക്കുള്ള പഞ്ചായത്ത് വിഹിതം മാത്രമേ

അടവാക്കിക്കാണുന്നുള്ളൂ. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനും ചെലവ് വിവരങ്ങൾ ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 11/28.09.19). 4 മുതൽ 6 മാസം പ്രായത്തിലുള്ള കന്നുകുട്ടികൾ ഉള്ള ഗുണഭോക്താക്കൾക്കു മാത്രമാണ് ആനുകൂല്യം നൽകാൻ കഴിയൂ. ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട എല്ലാവരേയും കത്തുമുഖേന അറിയിച്ചതിനുശേഷം അർഹതയുണ്ടെന്ന് കണ്ടെത്തിയ 24 പേർക്കുള്ള പഞ്ചായത്ത് വിഹിതമാണ് അടവാക്കിയിട്ടുള്ളതെന്നും, പ്രോജക്റ്റ് പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്റ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും നല്ല രീതിയിൽ പരിപാലിച്ചു പോരുന്നുണ്ട്.പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. ആയതിനാൽ പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-24 കാർഷിക യന്ത്രവൽക്കരണം- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 136/18-19, കാർഷിക യന്ത്രവൽക്കരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവഴിച്ച തുക | 5,80,000/- (ചെക്ക് നം 284427/14.01.19)<br>20,000/- (ചെക്ക് നം 1728662/13.03.19) |

2018-19 വർഷം കാർഷിക യന്ത്രവൽക്കരണം എന്ന പ്രോജക്റ്റ് പ്രകാരം തുരുത്ത് പാടശേഖര സമിതിക്ക് ഒരു ട്രാക്റ്ററും മെതിയന്ത്രവും റെയ്ഡ്കോ മുഖേന വാങ്ങി നൽകിയിട്ടുണ്ട്. ഇതിലേക്കായി 6,00,000/- രൂപയാണ് മേൽ പ്രകാരം പഞ്ചായത്തിൽ നിന്നും ചെലവഴിച്ചിരിക്കുന്നത്. ആകെ വിലയുടെ 90 ശതമാനമാണ് സബ്സിഡി നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങി നൽകുമ്പോൾ പാലിക്കേണ്ട താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. പഞ്ചായത്തിൽ നിലവിലുള്ള കൃഷി ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവണം വാങ്ങൽ നടത്തേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ട്രാക്ടർ വാങ്ങണമെന്ന നിർദ്ദേശമുള്ളതായി കണ്ടില്ല.
2.യന്ത്രങ്ങൾ ശരിയായി സൂക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവെന്നുമുള്ള വ്യവസ്ഥ, സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ മിനിമം 20% കുറവ് വാടക നിരക്കിൽ കർഷകർക്ക് സേവനം ലഭ്യമാക്കണം. കൂടാതെ യന്ത്രങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റ പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാവകാശം സമിതി/സ്ഥാപനത്തിനുമായിരിക്കും തുടങ്ങിയ വ്യവസ്ഥൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ കരാറിന്റെ കരട് രൂപം ഹാജരാക്കുകയാണുണ്ടായത്. പാടശ്ശേഖര സമിതിയുടെ പേരിലാണ് ട്രാക്ടറിന്റെ ഇൻഷ്വുറൻസ് എടുത്തിട്ടുള്ളത്. വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല.

ഒറിജിനൽ കരാറിന്റെ പകർപ്പും, രജിസ്ട്രേഷൻ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 കട്ടവിരിച്ചതിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 134/18-19 |
| പ്രോജക്ടിന്റെ പേര് | ചെങ്ങമനാട് ഗവ. എൽ.പി. സ്കൂൾ-കുട്ടികളുടെ |

| | |
|---|---|
| | പാർക്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മാർട്ടിൻ ചാക്കോ |
| അടങ്കൽ | 200000 |
| ചെലവ് | 193688 (ബിൽ നം.18/18-19 തീ 27.03.19) |
| അളവ് പുസ്തകം | 38/18-19 |

അസിസ്റ്റന്റ് എഞ്ചിനിയർ 2018-19 വർഷം നിർവ്വഹണം നടത്തിയ ചെങ്ങമനാട് ഗവ. എൽ.പി. സ്കൂൾ-കുട്ടികളുടെ പാർക്ക് നിർമ്മാണം എന്ന പ്രവൃത്തിയിൽ ഇനം – 6 ആയി ചെയ്ത 121.20 m2 കട്ട വിരിച്ചതിന് 870.28/m2 നിരക്കിലാണ് തുക അനുവദിച്ചത്. ഈ പ്രവൃത്തിയിൽ 80 mm കനത്തിലുള്ള ഇന്റർ ലോക്കിംഗ് കട്ട യാണ് ഉപയോഗിച്ചത്. പാർക്ക് പോലുള്ള സ്ഥലങ്ങളിൽ 60 mm ഇന്റർ ലോക്കിംഗ് കട്ട ഉപയോഗിച്ച് മാത്രം പ്രവൃത്തി ചെയ്താൽ മതിയായിരുന്നു. 80mm കട്ട വിരിച്ചതിനാൽ താഴെപ്പറയുന്ന തരത്തിൽ അധിക ചെലവ് വന്നിട്ടുണ്ട്.

| ഐറ്റം | നിരക്ക് |
|---|---|
| M-378(60mm) | 350 |
| M-379(80mm) | 370 |
| വ്യത്യാസം | 20 |
| കോസ്റ്റ് ഇൻഡക്സ്(46.08) | 9.216 |
| 1m3 ന് അധികം നൽകിയ തുക | 29.216 |
| ചെയ്ത പ്രവൃത്തിയുടെ അളവ് | 121.20 |
| ആകെ നഷ്ടം | 121.20X29.216<br>3540.98 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ -3 തീയതി 26.09.2019) ലഭ്യമാക്കിയ മറുപടിയിൽ സ്കൂൾ ബസ് തുടങ്ങിയ വാഹനങ്ങൾ കയറുന്ന ഭാഗത്താണ് 80mm കട്ട വിരിച്ചത് എന്നാണ്. പ്രസ്തുത സ്ഥലത്ത് തുടർച്ചയായ വാഹന ഗതാഗതം ഇല്ലാത്ത സ്ഥലമായതിനാൽ 80 mm കട്ടയുടെ ഉപയോഗം ആവശ്യമില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പ്രവൃത്തിയിൽ 3540/-രൂപ അധികചെലവ് വന്നതായി കാണക്കാക്കുന്നു.ഭാവിയിൽ ബിൽഡിങ്ങിനോട് ചേർന്ന് വരുന്ന ടൈൽ വിരിക്കലിൽ 60mm കട്ട ഉപയോഗിക്കേണ്ടതാണ്.

# 1-26 സ്ടീററ് ലൈററുകൾ വാങ്ങുൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 127/19 |
| ചെലവ് | 38/22.3.2019 = 499175/- |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തിലേക്ക് സ്ടീററ് ലൈററുകൾ വാങ്ങുന്നതിനുള്ള പദ്ധതി യാണിത്. ആയതിലേക്ക് മലപ്പുറം ജില്ലയിലെ വാഴക്കാടുള്ള ഏഷ്യൻ മാർക്കററിംഗ് ഏജൻസിയ്ക്ക് ടാക്സ് ഇൻവൊയിസ് നം.53/6.3.19 പ്രകാരം

239 ഡബിൾ ട്യൂബുകൾക്ക് 1770 രൂപാ നിരക്കിൽ 423030 രൂപയും നികുതിയും അടക്കം 499175 രൂപ അനുവദിച്ചിട്ടുണ്ട്.

12.03.13 ലെ സർക്കാർ ഉത്തരവ് 65529/ഡിസി 3/12, തസ്വഭവ പ്രകാരം എല്ലാ തസ്വഭവ സ്ഥാപനങ്ങളും മീററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാററിക്ക് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. 14.02.18ലെ ജിഎംസ് 22/18ൽ പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും മററു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതുമായ എൽഇഡി ലാമ്പുകൾ വാങ്ങുന്നതിനു മുൻഗണന നല്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. 2017-18ൽ 175 എൽഇഡി ലാമ്പുകൾ വാങ്ങിയതിൽ144 എണ്ണം മാത്രം വിതരണം ചെയ്തിട്ടുള്ളൂ എന്നിരിക്കെ വീണ്ടും ഡബിൾ ട്യൂബുസെററു വാങ്ങിയതിനു കാരണം വ്യക്തമല്ല. 239 ഡബിൾ ട്യൂബുസെററു വാങ്ങിയതിൽ നാളിതുവരെ 143 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഇലക്ട്രിക്കൽ ഉപകരണങ്ങൾ അവ വാങ്ങിയ തീയതിമുതലാണ് വാറന്റി കണക്കാക്കുന്നത് എന്നതിനാൽ ആദ്യം വാങ്ങിയവ മുഴുവൻ ഉപയോഗിക്കാതെ വീണ്ടും വാങ്ങിയ നടപടി ഒട്ടും അശാസ്യമല്ല. വാറന്റി ആനുകൂല്യം മുഴുവൻ നഷ്ടപ്പെടുത്തുന്നതിന് മേൽ നടപടി കാരണമായി ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾക്കു വിശദീകരണം നല്കുന്നതിനു നല്കിയ ഓഡിററ് എൻക്വയറി നമ്പർ 14 ന് ലഭിച്ച തൃപ്തികരമല്ല.

# 1-27 വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പദ്ധതി പ്രവൃത്തികൾക്ക് പണം നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി/പ്രോജക്ട് നം. | സ്ഥാപനം തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | 141/19,post മാററിയിടൽ | കെ.എസ്.ഇ.ബി 25000- | ചെക്.നം. 915048/ 14.6.18 |
| 2 | 154/19,streetline extension | കെ.എസ്.ഇ.ബി 396685 | 8/16.7.18 21/17.11.18 |
| 3. | 125/19,street line extension | കെ.എസ്.ഇ.ബി 1034000 | 25/14.01.19 20/17.11.18 |
| 4 | 185/19-pipeline extension | വാട്ടർ അതോറിറ്റി 170000/- | 16/20.07.18 |
| 5. | 115/19,-pipeline extension | വാട്ടർ അതോറിറ്റി 492882/- | 35/17.11.18 |
| 6. | 160/19,-pipeline extension | വാട്ടർ അതോറിറ്റി 607118 | 22/17.11.18 |
| | ആകെ | 2725685 | |

വിവിധ പദ്ധതികൾക്ക് തുക നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.ആയത് ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 2725685/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-28 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം

# കാര്യക്ഷമമാക്കണം

ഒരു പാർട്ട് ടൈം ലൈബ്രേറിയന്റെ സ്ഥിരം തസ്തികയുള്ള പഞ്ചായത്താണിത്. ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1. പഞ്ചായത്ത് ലൈബ്രറിയിൽ ഓഡിറ്റ് തീയതി വരെ 945 പേർ അംഗത്വമെടുത്തിട്ടുണ്ട്. അതിൽ 249 പേർ സ്ഥിരാംഗങ്ങളും, 696 പേർ സാധാരണ അംഗങ്ങളുമാണ്. സാധാരണ അംഗങ്ങൾ അംഗത്വം പുതുക്കുകയോ, പുസ്തകം എടുക്കുകയോ ചെയ്യാറില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ലൈബ്രറിയുടെ നിലവിലെ പ്രവർത്തനസമയം ഒരു മണി മുതൽ 5 മണി വരെയെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ലൈബ്രറിയുടെ പരിസരത്തെവിടെയും ഇക്കാര്യം എഴുതി വച്ചിട്ടില്ല. ലൈബ്രറിയുടെ നിലവിലെ പ്രവർത്തനസമയം നിജപ്പെടുത്തിയിട്ടുള്ളത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമല്ലെന്നു കാണുന്നു. വൈകുന്നേരങ്ങളിൽ പൊതുജനങ്ങൽക്ക് വായനശാല ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ സമയം ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

2. പഞ്ചായത്ത് ലൈബ്രറിയിൽ സറ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ 3343 പുസ്തകങ്ങളാണുള്ളത്. 26.05.2005 ലാണ് പഞ്ചായത്തിൽ നിന്നും അവസാനമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. പുതുതായി ചേരുന്ന അംഗങ്ങളിൽ നിന്നും അംഗത്വ ഫീസിനു പകരം 150/- രൂപയിൽ കുറയാത്ത വിലക്കുള്ള പുസ്തകങ്ങൾ സ്വീകരിക്കുന്നതായും കാണുന്നു.

3.ലൈബ്രറിയിൽ ഉപയോഗിക്കുന്ന രസീതു ബുക്കിൽ ക്രമ നമ്പർ രേഖപ്പെടുത്തുകയോ ആകെ രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലായിരുന്നു. ഇക്കാര്യം പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

4.മുൻ വർഷങ്ങളിലെ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറിക്കായി വാങ്ങി നൽകിയ 5 അലമാരകളിൽ 3 എണ്ണം ഉപയോഗിക്കാതെ വെറുതെ ഇട്ടിരിക്കുകയാണ്. വായനശാല വിപുലീകരണത്തിന്റെ ഭാഗമായി വികസന സെമിനാറിൽ വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അലമാരകൾ വാങ്ങിയിട്ടുള്ളത്.

ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 ഓഡിറ്റ് ഇംപാക്ട്

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെപ്പറയുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.

| ക്രമ നം | ഇനം | തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| 1 | തൊഴിൽ നികുതി | 750 | 119010103326/ 30.09.2019 |
| 2 | തൊഴിൽ നികുതി | 400 | 119010103327/ 30.09.2019 |
| 3 | ഗുണഭോക്തൃ വിഹിതം<br>കൃഷി ഓഫിസർ രസീത് പ്രകാരം വാങ്ങിയത് പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല | 1250 | 119010103268/ 26.09.2019 |
| 4 | പേരാമ്പ്ര കടവ് ബൈലൈൻ റോഡ് മെറ്റലിംഗ് & ടാറിംഗ്- ടെൻഡർ ബിലോ കുറച്ചില്ല | 242 | 119010103278/ 27.09.2019 |
| | ആകെ | 2642 | |

# 1-30 പദ്ധതികൾ ആസൂത്രണം, നിർവഹണം മോണിറ്ററിംഗ് - അവലോകനം

**പദ്ധതികൾ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്-അവലോകനം**

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, പദ്ധതികൾ ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ എപ്രകാരം നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു ദീർഘ വീക്ഷണത്തോടു കൂടി സമഗ്രമായ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിഭവ പരിധിക്കുള്ളിൽ നിന്നു കൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തിരഞ്ഞെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ചെറുതും ഫല പ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറക്കുന്നതിനും മാർഗ്ഗരേഖ നിഷ്കർഷിക്കുമ്പോൾ പഞ്ചായത്തിൽ ഒരേ സ്വഭാവമുള്ള പദ്ധതികൾ സ്പിൽ ഓവറായും പുതിയതായും ആസൂത്രണം ചെയ്തിരിക്കുകയാണ്.
ഉദ: സെക്രട്ടറിയുടെ പ്രോജക്ടുകൾ.

എ) 71/19, 121/19, 151/19, 148/19, 201/19 - തെരുവ് വിളക്കുകളുടെ പരിപാലനം.

ബി) 146/19, 139/19 – മാലിന്യ നിർമ്മാർജ്ജനം.

സി) 152/19, 146/19 – ഐ.എസ്.ഒ സർട്ടിഫിക്കേഷൻ മുതലായവ.

പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും നവകേരളം കർമ്മ പദ്ധതിയുമായി യോജിപ്പിക്കേണ്ടതുണ്ട്.പഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനം 3-ാം ഘട്ടത്തിൽ (പ്രൊ.നം.-139/19) എത്തിയിട്ടും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാനോ മിഷൻ ശുപാർശ ചെയ്യുന്ന യൂസേഴ്സ് ഫീ ശേഖരിച്ച് മാലിന്യം നീക്കം ചെയ്യുവാനോ പഞ്ചായത്ത് ശ്രമിക്കുന്നില്ല.മറിച്ച് പദ്ധതി വിഹിതം (പ്ലാൻ ഫണ്ട്) 723000 രൂപയും തനത് ഫണ്ട് 343805 രൂപയുമടക്കം 1066805 രൂപ തൻവർഷം ചെലവഴിച്ചിരിക്കുകയാണ്.S0146/19 പ്രകാരം 103000 രൂപയും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾക്ക് 2204924 രൂപ തനത് ഫണ്ട് ചെലവഴിച്ചതിനും പുറമേയാണിത് (പ്രോ.നം. 180/19).ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് മിഷൻ ശുപാർശ ചെയ്യുന്ന യൂസേഴ്സ് ഫീ ശേഖരിച്ച് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

പ്രാധാന്യം കൂടുതൽ നൽകേണ്ട പല മേഖലകളിലേക്കും വികസന ഫണ്ടിന്റെ വിഭജനം നടത്തുന്നതിന് പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

ഉദാ: സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളും ബഡ്സ് സ്കൂളുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്. 29.9.18 ൽ കുടുംബശ്രീ മിഷനിൽ നിന്നും 1250000 രൂപ ലഭിച്ചിട്ടും ആയത് സ്ഥാപിച്ചിട്ടില്ല എന്നിരിക്കെ ബഡ്സ് സ്കൂളിനു വേണ്ടി ഫർണീച്ചർ വാങ്ങുന്നതിനായി 4 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തുകയും ചെയ്തു എന്നത് വൈരുദ്ധ്യമാണ്.

സ്ഥിരം ലൈബ്രേറിയനുള്ള ഗ്രാമ പഞ്ചായത്ത് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനോ വിദ്യ്യാസ മേഖല സമ്പുഷ്ടമാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി രേഖ എന്നിവയിൽ പഞ്ചായത്ത് ലൈബ്രറിക്ക് ടി.വി വാങ്ങുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുകയും പൊതുജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വയോജന ഗ്രാമ സഭ കൂടുന്നതല്ലാതെ അവരുടെ ഉന്നമനത്തിനോ പ്രതിമാസം കറണ്ട് ചാർജ്ജ് അടക്കുന്ന പകൽവീട് പ്രവർത്തന സജ്ജമാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. പ്രാദേശിക പരിശോധനയിൽ പകൽവീടിന്റെ അവസ്ഥ വളരെ ദയനിയമെന്ന് കാണുകയുണ്ടായി.

പ്രതിമാസം 4000 രൂപ വാടകക്ക് പ്രവർത്തിക്കുന്ന ആയുർവ്വേദാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് മുൻകാലങ്ങളിൽ മുതൽ ശ്രമം തുടങ്ങിയിട്ടും നാളിതു വരെ പ്രവർത്തനം ആരംഭിക്കാനായിട്ടില്ല.

കുടിവെള്ള പ്രശ്നം രൂക്ഷമായ പഞ്ചായത്തിലെ ജലനിധി പ്രോജക്റ്റ് അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതു മൂലം ജലനിധിയുടെ എസ്.ബി.ഐ A/C 36576212458 ൽ 1074739 രൂപ അവശേഷിക്കുകയാണ്.

പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച് അനേകം പരാതികൾ മിനുട്സിൽ കാണുന്നു.പുറമ്പോക്ക് ഭൂമികൾ അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ സ്പിൽ ഓവറാകുന്നതല്ലാതെ യാതൊരു നടപടികളും സ്വീകരിച്ച് കാണുന്നില്ല.

പ്രളയാനന്തര പ്രവർത്തനങ്ങളിൽ പൊതു പൈപ്പുകളുടെ നാശ നഷ്ടം മൂലമുള്ള കുടിവെള്ള ക്ഷാമ പരിഹാരത്തിനായി വൻ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.എന്നാൽ വാട്ടർ അതോറിറ്റിയുടെ പ്രതിമാസ റീഡിംഗിലോ ചാർജ്ജിലോ യാതൊരു കുറവും വന്നിട്ടില്ല എന്നത് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന്റെ അത്യാവശ്യകത വ്യക്തമാക്കുന്നു.

പദ്ധതി ആസൂത്രണ നിർവ്വഹണത്തിനായി (പ്രോ.നം.84/19) 297894/- രൂപ ചെലവായിട്ടുണ്ട്.എന്നാൽ ആയതിൽ മോണിറ്ററിംഗ് ഇനത്തിൽ യാതൊരു ചെലവും കാണാൻ കഴിയുന്നില്ല എന്നത് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ലക്ഷ്യ പ്രാപ്തി പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടി പ്രക്രിയകളുടെ പോരായ്മ തന്നെയാണ്. അതായത് ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് -അങ്ങനെ എല്ലാ മേഖലകളിലും കൂടുതൽ ശ്രദ്ധയും കരുതലും കൂടിയേ തീരു എന്ന വസ്തുതകളിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഇല്ല

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | റിഡംപ്ഷൻ തുക |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 117750 | 62/19പാലിയേറ്റിവ് കെയർ | 101420 | 16330 | |
| | | 705500 | 50/19ലൈഫ്(ജനറൽ) | 680000 | 25500 | |
| | | 48000 | 21/19 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും | 48000 | | |
| | 2017-18 | 750000 | 169/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 250000 | 500000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 212500 | 74/19 നെൽ കൃഷി വികസനം | 212500 | | |
| | | 1400000 | 50/19 ലൈഫ്(ജനറൽ) | 880000 | 520000 | |
| | | 99300 | 28/19 പാലിന് സബ്സിഡി | 99300 | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 154/19സ്ട്രീറ്റ് ലൈൻ വലിക്കൽ 125/19സ്ട്രീറ്റ് ലൈൻ വലിക്കൽ | 29/27.06.18<br>98/15.11.18 | 1,60,235<br>2,36,450 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | 99/15.11.18<br>153/07.01.19 | 3,43,080<br>6,90,920 | | |
| കെഡബ്ല്യൂ.എ | 185/19പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 66/12.10.18<br>/12.10.2018 | 1,00,000<br>70,000 | | |
| | 160/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 96/15.11.18 | 6,07,118 | | |
| | [illegible] | [illegible] | [illegible] | | |

| | | | | | | |
|---|---|---|---|---|---|---|
| | 115/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 97/15.11.18<br>217/14.02.19 | 1,12,882<br>3,80,000 | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ ലൈഫ് | | 85,83,262 | 0 | 0 | 0 | 85,83,262 |
| | | 8583262 | | | | 85,83,262 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| **ആകെ** | **1,46,000** |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 10890/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2017-18 | 2-5 | 600 | ശ്രീലത ഡയഗ്നോസ്റ്റിക്ക് സെൻറർ | 118010108739/ 31.03.2019 |
| | | 1500 | ഇഫാത്ത മൾട്ടി സ്പെഷ്യാലിറ്റി സെന്റർ | 118010106368/ 31.03.2019 |
| | | 2600 | വേദാന്ത ഡെന്റൽ ക്ലിനിക്ക് | 118010106681/ 28.02.2019 |
| | | 450 | കൊച്ചിൻ ലബോറട്ടറി,ദേശം | 118010107382/ 13.03.2019 |
| | | 600 | മെഡിവിഷൻ മെഡിക്കൽ ലബോറട്ടറി, ചെങ്ങമനാട് | 118010107874/ 20.03.2019 |
| | | 3700 | ഐഡിയൽ ഹോമിയോ പതിക് ലബോറട്ടറി | 118010108631/ 20.03.2019 |
| | | 1380 | സനാദുദീൻ. എൻ.എ | 118010108682/ 30.03.2019 |
| ആകെ | | 10890 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1,05,708,202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,32,37,369 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3359852 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

ഇല്ല

**<u>ഓഡിറ്റിൽ നടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22എ | 454167 | ഡോ.പി.ടി എലിസബത്ത്<br>മെഡിക്കൽ ഓഫീസർ |
| 1-22ബി | 180000 | ഡോ.പി.ടി എലിസബത്ത്<br>മെഡിക്കൽ ഓഫീസർ |
| 1-27 | 2725685 | ശ്രീമതി. ഷീലാകുമാരി,<br>സെക്രട്ടറി |
| ആകെ | 3359852 | |

**(സി)<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>.**

**ഇല്ല**

**(ഡി)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി<br>ഷീലകുമാരി<br>സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങമനാട്<br>ഗ്രാമപഞ്ചായത്ത് | ഇ55,വൈശാഖം<br>ചങ്ങമ്പുഴ നഗർ<br>എറണാകുളം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 3 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94/ 09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | |
| 2008-09 2009-10 2010-11 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 dtd 03.10.17 | |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018 dtd 08.10.18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **ചെങ്ങമനാട്** ഗ്രാമപഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചോർത്തിരിക്കുന്ന അപാകതകൾ **ചെങ്ങമനാട്** ഗ്രാമപഞ്ചായത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംഗ്രഹം</u>

1) വസ്തു നികുതി അക്കൗണ്ടിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾക്ക് ഭരണ സമിതിയുടെ അംഗീകാരമോ സെക്രട്ടറിയുടെ ഉത്തരവോ ഇല്ലാത്തതിനാൽ ആധികാരികത ഇല്ല

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും മൂല്യ നിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Chengamandu** Grama panchayat in Ernakulam district for the year ended on 31.3.2019 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Chengamanadu** Grama panchayat for the year 2018-19 except defects appended properly presents the picture of income and expenditure.

Deputy Director

**Abstract of defects**

1) The alteration made in the property tax accounts is not authentic as it have not the sanction of panchayath committee or Order of the secretary.

2) Assets including land has not been valued completely and recorded in asset register after reconcilation with the AFS

Deputy Director